**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1001** **06-10-2021 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ പഞ്ചായത്തിലെ ജലജീവന്‍ മിഷന്‍ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മലമ്പുഴ മണ്ഡലത്തിലെ മലമ്പുഴ ഗ്രാമപഞ്ചായത്തില്‍ ജലജീവന്‍ മിഷന്‍ പദ്ധതി മുഖാന്തരം നടത്തുന്ന പ്രവൃത്തികള്‍ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ; ഈ പദ്ധതിക്കായി എത്ര രൂപയുടെ ഭരണാനുമതിയാണ് നല്‍കിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | മലമ്പുഴ മണ്ഡലത്തിലെ മലമ്പുഴ ഗ്രാമപഞ്ചായത്തില്‍ ജല ജീവന്‍ മിഷന്‍ പദ്ധതി മുഖാന്തിരം നടത്തുന്ന പ്രവൃത്തികളുടെ വിശദാംശങ്ങള്‍ ചുവടെ ചേര്‍ക്കുന്നു. 1.ജലജീവന്‍ മിഷന്‍ - 2020-21 മലമ്പുഴ ഗ്രാമ പഞ്ചായത്തിലെ 1143 ഗാര്‍ഹിക കുടിവെള്ള കണക്ഷനുകള്‍ നല്‍കുന്ന പ്രവൃത്തിക്ക് 346.75 ലക്ഷം രൂപയുടെ ഭരണാനുമതി നല്‍കിയിട്ടുണ്ട്. കുടിവെള്ള കണക്ഷനുകള്‍ നല്‍കുന്ന പ്രവര്‍ത്തി പുരോഗമിക്കുന്നു. 2. മലമ്പുഴ ഗ്രാമപഞ്ചായത്തില്‍ വിതരണശൃംഖല സ്ഥാപിച്ച് 1704 ഗാര്‍ഹികകുടിവെള്ള കണക്ഷനുകള്‍ നല്കുന്നതിനുമുള്ള പ്രവൃത്തിക്ക് 2990 ലക്ഷം രൂപയുടെ ഭരണാനുമതി നല്‍കിയിട്ടുണ്ട്. ടെണ്ടര്‍ നടപടിക്രമങ്ങള്‍ പുരോഗമിച്ച് വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തി പൂര്‍ത്തിയാകുന്നതോടെ എത്ര പുതിയ കുടിവെള്ള കണക്ഷനുകള്‍ നല്‍കാനാവും എന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തി പൂര്‍ത്തിയാകുന്നതോടെ 2847 പുതിയ കുടിവെള്ള കണക്ഷനുകള്‍ നല്‍കാനാവും. |
| (സി) | പഞ്ചായത്തിലെ മുഴുവന്‍ വീടുകളിലേക്കും കുടിവെള്ള കണക്ഷന്‍ ഇതുവഴി നല്‍കാന്‍ കഴിയുമോ; വിശദവിവരങ്ങള്‍ ലഭ്യമാക്കാമോ? | (സി) | പ്രസ്തുത പ്രവൃത്തി പൂര്‍ത്തിയാകുന്നതോടെ പഞ്ചായത്തിലെ എല്ലാ വീടുകളിലേക്കും കുടിവെള്ള കണക്ഷന്‍ നല്‍കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. |

സെക്ഷന്‍ ഓഫീസര്‍